ഉത്തരം

(എ) സ്ഥലമെടുപ്പ് പൂർത്തീകരിക്കുകയും എസ്റ്റിമേറ്റ് കേന്ദ്ര റോഡു ഗതാഗത ദേശീയപാതാ മന്ത്രാലയം അംഗീകരിക്കുകയും ചെയ്യുന്നമുറയ്ക്ക് ദർഘാസ് ക്ഷണിച്ച് കരാറുകാരെ നിശ്ചയിക്കുകയും പണി ആരംഭിക്കുകയും ചെയ്യാനാണ് ഉദ്ദേശ്യം.

(ബി) ദേശീയപാത 17-ൽ കിലോമീറ്റർ 214 മുതൽ 225 വരെ ഒരു ഡീവിയേഷനുള്ള പ്രൊപ്പോസലിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. അതിനുവേണ്ടി സ്ഥലമെടുക്കുന്നതിനുള്ള അടങ്കൽ കേന്ദ്രം അംഗീകരിക്കുകയുണ്ടായി. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ച് വരികയാണ്.

"കല്ലിഗെ" പാലം നിർമ്മാണം

61 (730) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ വിദ്യാനഗർ-മുഡിപ്പ് റോഡിൽ കള്ളായി പുഴയ്ക്ക് കലിഗെ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകിയത് എന്നാണ് ;

(സി) പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പണി ആരംഭിക്കാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഇപ്പോൾ പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര ;

(എഫ്) ഈ പാലം നിർമ്മാണത്തിന് നബാർഡിന്റെ സഹായം ലഭ്യമാക്കുമോ ;

(ജി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) "കല്ലിഗെ" പാലം നിർമ്മിക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) 16-1-1999- ൽ

(സി & ഡി) പ്രത്യേകാനുമതി നൽകിയതിനു ശേഷമേ പണി ആരംഭിക്കാൻ കഴിയുകയുള്ളു.

(ഇ) 162 ലക്ഷം രൂപ

(എഫ് & ജി) വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

"പത്വാടി" യിൽ പാലം നിർമ്മിക്കുന്നതിന് നടപടി

62 (731) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മഞ്ചേശ്വരം മണ്ഡത്തിലെ ഉപ്പള-ബാളിയൂർ റോഡിൽ ഉപ്പളപ്പുഴയിൽ "പത്വാടി"യിൽ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ;

(ബി) ഈ പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) പ്രസ്തുത പാലത്തിന്റെ പണി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) "പത്വാടിയിൽ പാലം നിർമ്മിക്കുന്നതിന് 16-12-2000-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷനുള്ള നടപടികളെടുത്തു വരുന്നു.

(ബി) 210 ലക്ഷം രൂപ

(സി) പാലത്തിന്റെ ഡിസൈൻ തീർച്ചപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി, പ്രത്യേകാനുമതിയും നൽകിയ ശേഷം പണിയാരംഭിക്കുന്നതായിരിക്കും.

കൊടുങ്ങല്ലൂർ - തൃശ്ശൂർ റോഡിന്റെ വികസനം

63 (732) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 17-ലെ വാരാപ്പുഴ പാലം പൊതുഗതാഗതത്തിന് തുറന്ന് കൊടുത്ത സാഹചര്യത്തിൽ കൊടുങ്ങല്ലൂർ- തൃശ്ശൂർ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് ടി റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ;

(ബി) പ്രസ്തുത റോഡിന് 1999-2000 ബഡ്ജറ്റിൽ 60 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) 2001-2002 ബഡ്ജറ്റിൽ കൂടുതൽ തുക വകകൊള്ളിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ :

(ഇ) പ്രസ്തുത റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ എത്തിക്കുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) നടപടികൾ എടുത്തു വരുന്നു.

(ബി) പ്രസ്തുത റോഡിന്റെ വികസനത്തിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി ഡിപ്പാർട്ട്മെന്റിന്റെ വിവിധ തലങ്ങളിൽ പരിശോധിച്ചു വരികയാണ്.

(സി) ബാധകമല്ല.

(ഡി) ഭരണാനുമതി നൽകിയശേഷം കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുവാൻ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly